# ‘ഭരണഭാഷ മാതൃഭാഷ’

## സൈനിക ക്ഷേമ ഡയറക്ടറുടെ ഓഫീസിലെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടി ഉത്തരവ്, സൈനിക ക്ഷേമ ഡയറക്ടറേറ്റ്, തിരുവനന്തപുരം

(സാന്നിദ്ധ്യം: ശ്രീമതി. ഹസീന കള്ളിയത്ത്)

വിഷയം: സൈനിക ക്ഷേമ ഡയറക്ടറേറ്റ്-ജീവനക്കാര്യം- സീനിയർ ക്ലാർക്കന്മാരുടെ സ്ഥലം മാറ്റവും, സീനിയർ ക്ലാർക്ക് തസ്തികയിലേക്ക് സ്ഥാനക്കയറ്റവും/ സ്ഥാനക്കയറ്റത്തോടെ സ്ഥലംമാറ്റവും നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:
1. 27-05-2017-ലെ തൃശ്ശൂർ ജില്ലാ സൈനികക്ഷേമ ഓഫിസറുടെ എ/എസ്റ്റ്/2112/2017 നമ്പർ കത്ത്.
2. 07-06-2017-ൽ ശ്രീ. തങ്കച്ചൻ. വി.എം, സീനിയർ ക്ലാർക്ക്, ഡി.എസ്.ഡബ്ല്യൂ, തിരുവനന്തപുരത്തിന്റെ സമർപ്പണം.
3. 07-06-2017-ൽ ശ്രീ. പ്രസാദ്.എം. കെ, സീനിയർ ക്ലാർക്ക്, ഡി.എസ്.ഡബ്ല്യൂ, തിരുവനന്തപുരത്തിന്റെ സമർപ്പണം.
4. 07-06-2016-ലെ സൈനികക്ഷേമ ഡയറക്ടറേറ്റിന്റെ എ-2/3991/2011/ ഡി.എസ്.ഡബ്ല്യൂ നമ്പരായ ഉത്തരവ്.
5. 26-05-2016-ലെ സൈനികക്ഷേമ ഡയറക്ടറേറ്റിന്റെ എ-2/7306/2016/ ഡി.എസ്.ഡബ്ല്യൂ നമ്പരായ ഉത്തരവ്.
6. 11-07-2017-ല എ–2/2946/2017/ഡി.എസ്.ഡബ്ല്യൂ നമ്പരായ ഉത്തരവ്.

ഉത്തരവ് നമ്പർ: എ–2/2946/2017/ഡി.എസ്.ഡബ്ല്യൂ തീയതി : 14/07/2017

പരാമർശം ഒന്ന്, രണ്ട്, മൂന്ന് പ്രകാരം സൂചിപ്പിക്കപ്പെട്ട അപേക്ഷകൾ പരിഗണിച്ചുകൊണ്ട് സൈനികക്ഷേമ വകുപ്പിലെ സീനിയർ ക്ലാർക്കന്മാരുടെ സ്ഥലം മാറ്റവും, പരാമർശം നാല് പ്രകാരം, സൈനികക്ഷേമ വകുപ്പിൽ ഹെഡ് ക്ലാർക്കന്മാരുടെ ഒഴിവുകളിലേക്ക് സ്ഥാനക്കയറ്റം ലഭിച്ചതുമൂലമുണ്ടായ രണ്ട് സീനിയർ ക്ലാർക്കുമാരുടെ ഒഴിവുകളിലേക്കും, സൂചന അഞ്ച് പ്രകാരം ശ്രീ. ശ്രീകുമാർ. ഇ സീനിയർ ക്ലാർക്ക് 31-05-2016-ന് സർവ്വീസിൽ നിന്നും വിരമിച്ച ഒഴിവിലേക്കും സ്ഥാനക്കയറ്റം ലഭിക്കാനർഹരായവർക്ക് സ്ഥാനക്കയറ്റത്തോടെ സ്ഥലം മാറ്റവും നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

2. തൃശ്ശൂർ ജില്ലാ സൈനികക്ഷേമ ഓഫിസിലെ സീനിയർ ക്ലാർക്ക് ശ്രീ. ചന്ദ്രൻ. ഒ.കെ -യെ പാലക്കാട് ജില്ലാ സൈനികക്ഷേമ ഓഫിസിലെ നിലവിലുള്ള ക്ലാർക്ക് തസ്തികയിലെ ഒഴിവിലേക്ക് പരാമർശം ഒന്നിലെ അപേക്ഷ പ്രകാരം സ്ഥലം മാറ്റം നൽകി ഉത്തരവാകുന്നു.

3. ഇടുക്കി ജില്ലാ സൈനികക്ഷേമ ഓഫിസിലെ സീനിയർ ക്ലാർക്കായിരുന്ന ശ്രീ. മുരളിധരൻ. കെ.ഡി-യെ ഹെഡ് ക്ലാർക്ക് തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി കോട്ടയം ജില്ലാ സൈനികക്ഷേമ ഓഫിസിലേക്ക് സ്ഥലം മാറ്റം നൽകിയതുമൂലം ഉണ്ടായ ഇടുക്കി ജില്ലാ സൈനികക്ഷേമ ഓഫിസിലെ സീനിയർ ക്ലാർക്ക് തസ്തികയിലെ ഒഴിവിലേക്ക് സൈനികക്ഷേമ ഡയറക്ടറേറ്റിലെ സീനിയർ ക്ലാർക്കായ ശ്രീ. തങ്കച്ചൻ. വി.എം-നെ പരാമർശം രണ്ടിലെ അപേക്ഷ പ്രകാരം സ്ഥലം മാറ്റം നൽകി ഉത്തരവാകുന്നു.

4. എറണാകുളം ജില്ലാ സൈനികക്ഷേമ ഓഫിസിലെ സീനിയർ ക്ലാർക്കായിരുന്ന ശ്രീ. സുധീർലാൽ. റ്റി.സി-യെ ഹെഡ് ക്ലാർക്ക് തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി പത്തനംതിട്ട ജില്ലാ സൈനികക്ഷേമ ഓഫിസിലേക്ക് സ്ഥലം മാറ്റം നൽകിയതുമൂലം ഉണ്ടായ എറണാകുളം ജില്ലാ സൈനികക്ഷേമ ഓഫിസിലെ സീനിയർ ക്ലാർക്ക് തസ്തികയിലെ ഒഴിവിലേക്ക് സൈനികക്ഷേമ ഡയറക്ടറേറ്റിലെ സീനിയർ ക്ലാർക്കായ ശ്രീ. പ്രസാദ്.എം. കെ -യെ പരാമർശം മൂന്നിലെ അപേക്ഷ പ്രകാരം സ്ഥലം മാറ്റം നൽകി ഉത്തരവാകുന്നു.

മറുപുറം

5. നിലവിൽ ആദ്യമായി സീനിയർ ക്ലാർക്ക് തസ്തികയിൽ സ്ഥാനക്കയറ്റം ലഭിക്കാനർഹനായ എറണാകുളം ജില്ലാ സൈനികക്ഷേമ ഓഫിസിലെ ക്ലാർക്ക് ശ്രീ. ജോഷി. എം.റ്റി -യെ സൂചന അഞ്ച് പ്രകാരം ശ്രീ. ശ്രീകുമാർ. ഇ സീനിയർ ക്ലാർക്ക് 31-05-2016-ന് സർവ്വീസിൽ നിന്നും വിരമിച്ചതുമൂലം ഒഴിവുവന്ന തസ്തികയിൽ തൃശ്ശൂർ ജില്ലാ സൈനികക്ഷേമ ഓഫിസിൽ ഒഴിവുള്ള സീനിയർ ക്ലാർക്ക് തസ്തികയിലേക്ക് കെ.എസ് & എസ്.എസ്.ആർ ഭാഗം രണ്ട് പൊതുവായ ചട്ടം 31 പ്രകാരം രൂപ 25,200 - 54,000 (പരിഷ്കരിച്ച) ശമ്പള നിരക്കിൽ സ്ഥലം മാറ്റത്തോടെ സീനിയർ ക്ലാർക്ക് തസ്തികയിൽ 01-06-2016 മുതൽ താൽക്കാലികമായി സ്ഥാനക്കയറ്റം നൽകി ഉത്തരവാകുന്നു.

6. അടുത്തതായി സീനിയർ ക്ലാർക്ക് തസ്തികയിൽ സ്ഥാനക്കയറ്റം ലഭിക്കാനർഹനായ മലപ്പുറം ജില്ലാ സൈനികക്ഷേമ ഓഫിസിലെ ക്ലാർക്ക് ശ്രീ. പ്രേമകുമാർ. സി-യെ സൂചന നാല് പ്രകാരം തൃശ്ശൂർ ജില്ലാ സൈനികക്ഷേമ ഓഫിസിലെ സീനിയർ ക്ലാർക്കായിരുന്ന ശ്രീ. ആനന്ദകുമാർ. സി-യെ മലപ്പുറം ജില്ലാ സൈനികക്ഷേമ ഓഫിസിൽ ഹെഡ് ക്ലാർക്കായി സ്ഥാനക്കയറ്റം നൽകിയതുമൂലം ഉണ്ടായ സീനിയർ ക്ലാർക്കിന്റെ ഒഴിവിലേക്ക് മലപ്പുറം ജില്ലാ സൈനികക്ഷേമ ഓഫിസിൽ സൂചന 6 പ്രകാരം നിലവിൽ വന്ന സീനിയർ ക്ലാർക്ക് തസ്തികയിലെ ഒഴിവിൽ കെ.എസ് & എസ്.എസ്.ആർ ഭാഗം രണ്ട് പൊതുവായ ചട്ടം 31 പ്രകാരം രൂപ 25,200 - 54,000 (പരിഷ്കരിച്ച) ശമ്പള നിരക്കിൽ മലപ്പുറം ജില്ലാ സൈനികക്ഷേമ ഓഫിസിൽതന്നെ സീനിയർ ക്ലാർക്ക് തസ്തികയിൽ 15-06-2016 മുതൽ താൽക്കാലികമായി സ്ഥാനക്കയറ്റം നൽകി ഉത്തരവാകുന്നു.

7. അടുത്തതായി സീനിയർ ക്ലാർക്ക് തസ്തികയിൽ സ്ഥാനക്കയറ്റം ലഭിക്കാനർഹനായ തിരുവനന്തപുരം ജില്ലാ സൈനികക്ഷേമ ഓഫിസിലെ ക്ലാർക്ക് ശ്രീ. വിജയകുമാർ. പി -യെ സൂചന നാല് പ്രകാരം പാലക്കാട് ജില്ലാ സൈനികക്ഷേമ ഓഫിസിലെ സീനിയർ ക്ലാർക്കായിരുന്ന ശ്രീ. മോഹനദാസൻ. കെ.വി-യെ പാലക്കാട് ജില്ലാ സൈനികക്ഷേമ ഓഫിസിൽതന്നെ ഹെഡ് ക്ലാർക്കായി സ്ഥാനക്കയറ്റം നൽകിയതുമൂലം ഉണ്ടായ സീനിയർ ക്ലാർക്കിന്റെ ഒഴിവിലേക്ക് തിരുവനന്തപുരം ജില്ലാ സൈനികക്ഷേമ ഓഫിസിൽതന്നെ സീനിയർ ക്ലാർക്കായി കെ.എസ് & എസ്.എസ്.ആർ ഭാഗം രണ്ട് പൊതുവായ ചട്ടം 31 പ്രകാരം രൂപ 25,200 - 54,000 (പരിഷ്കരിച്ച) ശമ്പള നിരക്കിൽ 17-06-2016 മുതൽ താൽക്കാലികമായി സ്ഥാനക്കയറ്റം നൽകി ഉത്തരവാകുന്നു.

8. നിയന്ത്രണ ഉദ്യോഗസ്ഥർ സ്ഥലംമാറ്റം/സ്ഥാനക്കയറ്റം ലഭിച്ച ഉദ്യോഗസ്ഥരെ പുതിയ സ്ഥലത്ത് ജോലിയിൽ പ്രവേശിക്കുന്നതിനായി യഥാസമയം വിടുതൽ നൽകേണ്ടതും വിടുതൽ നൽകിയ/ജോലിയിൽ പ്രവേശിപ്പിച്ച വിവരം യഥാസമയം ഈ ഓഫിസിനെ അറിയിക്കേണ്ടതുമണ്.

അഡ്മിനിസ്ട്രേറ്റീവ് ആഫീസർ

1. ശ്രീ. ചന്ദ്രൻ. ഒ.കെ, സീനിയർ ക്ലാർക്ക്, ജില്ലാ സൈനികക്ഷേമ ആഫീസ്, തൃശ്ശൂർ.
2. ശ്രീ. തങ്കച്ചൻ. വി.എം, സീനിയർ ക്ലാർക്ക്, ഡി.എസ്.ഡബ്ല്യു, തിരുവനന്തപുരം.
3. ശ്രീ. പ്രസാദ്.എം. കെ, സീനിയർ ക്ലാർക്ക്, ഡി.എസ്.ഡബ്ല്യു, തിരുവനന്തപുരം.
4. ശ്രീ. ജോഷി. എം.ടി, ക്ലാർക്ക്, ജില്ലാ സൈനികക്ഷേമ ആഫീസ്, എറണാകുളം
5. ശ്രീ. പ്രേമകുമാർ. സി, ക്ലാർക്ക്, ജില്ലാ സൈനികക്ഷേമ ആഫീസ്, മലപ്പുറം.
6. ശ്രീ. വിജയകുമാർ. വി, ക്ലാർക്ക്, ജില്ലാ സൈനികക്ഷേമ ആഫീസ്, തിരുവനന്തപുരം.
7. ജില്ലാ സൈനിക ക്ഷേമ ആഫീസർ, ജില്ലാ സൈനിക ക്ഷേമ ആഫീസ്, തൃശ്ശൂർ/ ഇടുക്കി/ എറണാകുളം/മലപ്പുറം/ തിരുവനന്തപുരം/പാലക്കാട്.
8. ബിൽ സെക്ഷൻ (എ)-3 സെക്ഷൻ), ഡി.എസ്.ഡബ്ല്യൂ, തിരുവനന്തപുരം.
9. സബ് ട്രഷറി ആഫീസർ, സബ് ട്രഷറി, വികാസ്ഭവൻ, തിരുവനന്തപുരം.
10. ജില്ലാ ട്രഷറി ആഫീസർ/ സബ് ട്രഷറി ആഫീസർ, തൃശ്ശൂർ/ ഇടുക്കി/ എറണാകുളം/മലപ്പുറം/ തിരുവനന്തപുരം/പാലക്കാട്.
11. ഓഫീസ് കോപ്പി 12. കരുതൽ ഫയൽ